സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


## മൂത്തകുന്നത്ത് ബിഎൽഒയെ ജീവനൊടുക്കിയ നിലയിൽ കണ്ടത്തി

കൊച്ചി: മൂത്തകുന്നം എസ്.എൻ.എം ട്രെയിനിങ് കോളേജിൽ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. കോളേജ് ജീവനക്കാരനും ബൂത്ത് ലെവൽ ഓഫീസറുമായ (ആഘചഛ) മൂത്തകുന്നം കാട്ടിപ്പറമ്പിൽ കെ.എസ്. ഷിജിയെ (50) ആണ് മരിച്ചത്. കോളേജ് കെട്ടിടത്തിന് മുകളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ബിഎൽഒ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് അദ്ദേഹം വലിയ രീതിയിലുള്ള മാനസിക സംഘർഷം അനുഭവിച്ചിരുന്നതായി ഇദ്ദേഹമുമായി ബന്ധമുള്ള ചിലർ വ്യക്തമാക്കിയിട്ടുണ്ട്.


www.swathanthramandapam.com വാല്യം: 60 ലക്കം: 269 2026 ഫെബ്രുവരി 06 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## ലോണെടുത്തവർക്ക് ആശ്വസിക്കാൻ വകയില്ല,?

# പുതിയ പണനയം പ്രഖ്യാപിച്ച് ആർബിഐ

മുംബയ്: വായ്പയെടുത്തവർക്കും നിക്ഷേപകർക്കും ഒരുപോലെ നിർണായകമായ ആർബിഐ പണനയ പ്രഖ്യാപനം പുറത്തുവന്നു.

പ്രതീക്ഷിച്ചപോലെ തന്നെ അടിസ്ഥാന പലിശനിരക്കുകളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിലുള്ള പണനയ സമിതി തീരുമാനിച്ചു. അതേസമയം, ആഗോള വിപണികളിൽ നിന്നുള്ള തിരിച്ചടികൾ ഇന്ത്യൻ ഓഹരി വിപണിയെ



സമ്മർദ്ദത്തിലാക്കുന്നുണ്ട്. റിപ്പോ നിരക്ക് 5.25ശതമാനമായി മാറ്റമില്ലാതെ തുടരുന്നതിനാൽ ഭവന, വ്യക്തിഗത, വാഹനവായ്പകളിലെ പലിശനിരക്കിൽ മാറ്റമുണ്ടാകില്ല. ഡിസംബറിൽ പലിശ കുറച്ച ആർബിഐ ഇക്കുറി തൽസ്ഥിതി തുടരാനാണ് തീരുമാനിച്ചത്.

അമേരിക്കയുമായുള്ള വ്യാപാര കരാറിനെത്തുടർന്ന് ശക്തമായ വളർച്ചയും താരിഫുകളുടെ സമ്മർദ്ദം കുറയുന്നതും കാരണം മുൻ നിരക്ക് നിലനിർത്താനുള്ള തീരുമാനം പ്രതീക്ഷിച്ചതുപോലെയായിരുന്നു. ഇന്ത്യ ഏറ്റവും വേഗത്തിൽ വളർന്ന് വരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി തുടരുന്നതിനാൽ യുഎസ് വ്യാപാര കരാർ സമ്പദ്‌വ്യവസ്ഥയ്ക്ക് ശുഭസൂചന നൽകുന്നുവെന്ന് മൽഹോത്ര പറഞ്ഞു. ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മികച്ച നിലയിലാണെന്നും ആർബിഐ ഗവർണർ പറഞ്ഞു.

ഡിജിറ്റൽ സ്വർണമെന്ന് വിശേഷിപ്പിക്കപ്പെട്ട ബിറ്റ്കോയിന് നിക്ഷേപകർക്കിടയിൽ വിശ്വാസം നഷ്ടമാകുന്നതായാണ് റിപ്പോർട്ട്. കഴിഞ്ഞ ഒക്ടോബറിൽ 1,26,000 ഡോളറായിരുന്ന വില നിലവിൽ 63,000 ഡോളറായി കുറഞ്ഞു. ക്രിപ്റ്റോയിൽ നിന്ന് പിൻവാങ്ങുന്ന നിക്ഷേപകർ സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിലേക്ക് മാറുകയാണ്. 2025ൽ സ്വർണം 68ശതമാനം നേട്ടമുണ്ടാക്കിയപ്പോൾ ബിറ്റ്കോയിൻ 30ശതമാനം ഇടിഞ്ഞു. രാജ്യാന്തര വിപണിയിൽ വില താഴ്ന്നതിനാൽ കേരളത്തിലും ഇന്ന് സ്വർണവില കുറഞ്ഞു.

## ഓക്സിജൻ സിലിണ്ടറിന്റെ ഫ്ളോമീറ്റർ പൊട്ടിത്തെറിച്ച് അപകടം

തിരു : മെഡിക്കൽ കോളേജിൽ ഓക്സിജൻ സിലിൻഡറിന്റെ ഫ്ളോമീറ്ററിലെ പ്രഷർഗേജ് പൊട്ടിത്തെറിച്ച് അപകടം. ഇന്ന് പുലർച്ചെ 2മണിയോടെ അത്യാഹിതവിഭാഗത്തിലായിരുന്നു അപകടം ഉണ്ടായത്. ഓക്സിജൻ സിലിണ്ടർ മാറ്റി സ്ഥാപിക്കുന്നതിനിടെയായിരുന്നു പൊട്ടിത്തെറി. സംഭവത്തിൽ വനിതാ അറ്റൻഡറായ ഫാരിഷാ ബീവിക്ക് (50) പരിക്കേറ്റു. നെറ്റിയിൽ ഗ്ലാസ് കൊണ്ടായിരുന്നു പരിക്കേറ്റത്.

ഫാരിഷയുടെ പരിക്ക് നിസാരമാണെന്നാണ് പ്രാഥമികവിവരം. നിലവിൽ ഇവരെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസിയുവിലേക്ക് മാറ്റിയിട്ടുണ്ട്. ഇത് രണ്ടാം തവണയാണ് ഇത്തരത്തിൽ ഫ്ളോമീറ്റർ പൊട്ടിത്തെറിച്ച് അപകടം ഉണ്ടാകുന്നത്. മുമ്പ് ബി തിയേറ്ററിലെ ഓക്സിജൻ സിലിണ്ടർ പൊട്ടിത്തെറിച്ച് പാലക്കാട് സ്വദേശിയായ അനസ്തേഷ്യ ടെക്ക്നീഷ്യന് ഗുരുതരമായി പരിക്കേറ്റിരുന്നു.

## വി എസ് അച്യുതാനന്ദനുള്ള പത്മവിഭൂഷൺ സ്വീകരിക്കില്ല;

# പാർട്ടി തീരുമാനം അംഗീകരിച്ച് കുടുംബം

തിരു: മരണാനന്തര ബഹുമതിയായി മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന് കേന്ദ്ര സർക്കാർ നൽകിയ പത്മവിഭൂഷൺ സ്വീകരിക്കുന്നില്ലെന്ന് കുടുംബം. പാർട്ടി തീരുമാനം കുടുംബം അംഗീകരിക്കുകയായിരുന്നു. പുരസ്കാരം വാങ്ങുന്നതിൽ പാർട്ടി എന്ത് നിലപാട് എടുക്കുമോ അതായിരിക്കും കുടുബത്തിനുമെന്ന് മകൻ അരുൺകുമാർ നേരത്തെ വ്യക്തമാക്കിയിരുന്നു.

മുൻകാലങ്ങളിൽ ഇത്തരം പുരസ്കാരങ്ങൾ കമ്മ്യൂണിസ്റ്റ് നേതാക്കൾ നിരസിച്ചിരുന്നുവെന്നായിരുന്നു പാർട്ടിയുടെ നിലപാട്. പുരസ്കാരത്തിനർഹരായവർ ജീവിച്ചിരുന്നപ്പോഴായിരുന്നു അത്. വി.എസ് ജീവിച്ചിരിപ്പില്ലാത്ത സാഹചര്യത്തിൽ കുടുംബം തീരുമാനിക്കട്ടേയെന്നാണ് പാർട്ടി കേന്ദ്രങ്ങൾ തീരുമാനമെടുത്തത്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയ



ത്തിൽ നിന്ന് പത്മവിഭൂഷൺ ബഹുമതിക്ക് വി.എസ് അർഹനായെന്ന് ചൂണ്ടിക്കാട്ടിയുള്ള കത്ത് ഇന്നലെയാണ് കുടുംബത്തിന് ലഭിച്ചത്. ഇക്കാര്യം അറിയിച്ച് അരുൺകുമാർ ഫേസ്ബുക്കിൽ പോസ്റ്റിട്ടിരുന്നു. ജനകീയ പോരാട്ടങ്ങളിലൂടെയും അചഞ്ചലമായ രാഷ്ട്രീയ നിലപാടുകളിലൂടെയും കേരളീയ പൊതുസമൂഹത്തിനൊപ്പം സഞ്ചരിച്ച വി എസിനോട് ജനങ്ങൾ കാണിക്കുന്ന സ്നേഹവും ബഹുമാനവും എന്നും തങ്ങൾക്ക് വലിയ കരുത്താണെന്ന് അരുൺകുമാർ പറഞ്ഞു. ഈ പുരസ്കാരം അദ്ദേഹത്തിന്റെ പൊതുജീവിതത്തോടുള്ള ആദരമായി കാണുന്നു.

എങ്കിലും, ഇത്തരം പുരസ്കാരങ്ങൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം പ്രതിനിധാനം ചെയ്ത പ്രസ്ഥാനത്തിന് വ്യക്തമായ രാഷ്ട്രീയ നിലപാടുണ്ട്. ആ മൂല്യങ്ങളെയും പാർട്ടിയുടെ തീരുമാനങ്ങളെയും ഒരു കമ്മ്യൂണിസ്റ്റ് എന്ന നിലയിൽ അദ്ദേഹം എപ്പോഴും മുറുകെ പിടിച്ചിരുന്നു. പിതാവിന്റെ ആദർശങ്ങൾക്കും പാർട്ടി നിലപാടുകൾക്കും ഒപ്പമായിരിക്കും കുടുംബം. വി.എസിന് ജനഹൃദയങ്ങളിൽ ലഭിച്ചിട്ടുള്ള സ്ഥാനമാണ് ഏതൊരു പുരസ്കാരത്തേക്കാളും വലുതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജനങ്ങൾ അദ്ദേഹത്തിന് നൽകുന്ന സ്നേഹവായ്പുകൾക്ക് നന്ദിയെന്നും കുറിപ്പിലുണ്ട്.

## വിജയ്ക്ക് വീണ്ടും തിരിച്ചടി; ആദായനികുതി വെട്ടിപ്പിൽ ഒന്നരക്കോടി രൂപ പിഴ ശരിവച്ച് മദ്രാസ് ഹൈക്കോടതി

ചെന്നൈ: ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട കേസിൽ നടനും തമിഴക വെട്രി കഴകം (ടിവികെ) അദ്ധ്യക്ഷനുമായ വിജയ്ക്ക് തിരിച്ചടി. ആദായ നികുതി വകുപ്പ് ചുമത്തിയ ഒന്നരക്കോടി രൂപ പിഴ വിജയ് അടയ്ക്കണമെന്ന് മദ്രാസ് ഹൈക്കോടതി ഉത്തരവിട്ടു. 2015–16 വർഷത്തെ വരുമാനത്തിൽ 15 കോടി രൂപ റിട്ടേൺസിൽ കാണിച്ചില്ലെന്നായിരുന്നു കേസ്. പുലി സിനിമയിൽ നിന്ന് ലഭിച്ച വരുമാനമാണ് മറച്ചുവച്ചത്. ഇതേത്തുടർന്ന് ആദായ നികുതി വകുപ്പ് ഒന്നരക്കോടി രൂപ പിഴ വിധിച്ചിരുന്നു. ഇതിനെതിരെ വിജയ് നൽകിയ ഹർജി ഹൈക്കോടതി ഇന്ന് തള്ളിയാണ് ഉത്തരവിട്ടത്.



2015 സെപ്റ്റംബറിൽ വിജയ്‌യുടെ വസതിയിൽ ആദായ നികുതി വകുപ്പ് നടത്തിയ പരിശോധനയെ തുടർന്നാണ് പിഴ ചുമത്തിയത്. ഇതിനെതിരെ വിജയ് 2022ൽ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കഴിഞ്ഞ മാസം ഹർജിയിൽ ഉത്തരവുകൾ മാറ്റിവച്ച ജസ്റ്റിസ് സെന്തിൽകുമാർ രാമമൂർത്തിയാണ് ഇന്ന് ഉത്തരവിട്ടത്. പരിശോധനകൾക്കും റെയ്ഡിനും ശേഷം മാത്രമാണ് വിജയ് വരുമാന വിവരം വെളിപ്പെടുത്തിയതെന്നും പിഴ ചുമത്തിയ നടപടിയിൽ വീഴ്ചയില്ലെന്നും കോടതി നിരീക്ഷിച്ചു. വിജയ്ക്ക് ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കാമെന്നും കോടതി അറിയിച്ചു.

## ജോസഫ് വിഭാഗത്തെ എൽഡിഎഫിലേക്ക് സ്വാഗതം ചെയ്ത് ജോസ് കെ മാണി

കോട്ടയം: കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തെ എൽഡിഎഫിലേക്ക് സ്വാഗതം ചെയ്ത് ജോസ് കെ മാണി. ജോസഫ് ഗ്രൂപ്പ് കേരള കോൺഗ്രസ് രക്തത്തിന്റെ ഭാഗമാണെന്നും അവർക്ക് സംരക്ഷണം നൽകുമെന്നും ജോസ് കെ മാണി പറഞ്ഞു.

മുമ്പും തറവാട്ടിലേക്ക് ജോസഫ് വിഭാഗത്തെ കൂട്ടിച്ചേർത്തിരുന്നു. അവർക്ക് യുഡിഎഫിൽ എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സംരക്ഷണം ഒരുക്കാൻ തയ്യാറാണ്. എല്ലാം അവരുടെ തീരുമാനം ആണെന്നും അവിടെ നിൽക്കുമ്പോൾ സൂക്ഷിക്കണമെന്നും ജോസ് കെ മാണി കൂട്ടിച്ചേർത്തു.

നിയമസഭാ തിരഞ്ഞെടു



പ്പിൽ കഴിഞ്ഞ തവണ മത്സരിച്ച 10 സീറ്റുകളും വേണമെന്ന നിലപാടിലാണ് ജോസഫ് വിഭാഗം. എന്നാൽ രണ്ടു സീറ്റിൽ മാത്രമാണ് വിജയസാധ്യതയെന്ന് ചൂണ്ടിക്കാട്ടി ഇതിനെ എതിർക്കുകയും പരാജയ സാധ്യതയുള്ള സീറ്റുകൾ കോൺഗ്രസ് ഏറ്റെടുക്കണമെന്നുമുള്ള നിലപാടിലാണ് യുഡിഎഫ് നേതൃത്വം. ഈ അതൃപ്തികൾക്കിടയിലാണ് ജോസഫ് വിഭാഗത്തെ ജോസ് കെ മാണി എൽഡിഎഫിലേക്ക് ക്ഷണിച്ചത്.

## പാകിസ്താനുമായി കളിക്കാൻ തയ്യാറെന്ന് സൂര്യ; തങ്ങളുടെ കൈയിൽ നിൽക്കുന്ന കാര്യമല്ലെന്ന് സൽമാൻ ആഗ

മുംബൈ/കൊളംബോ: ട്വന്റി–20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരായ മത്സരം പാകിസ്താൻ ബഹിഷ്കരിക്കുമെന്ന വാർത്തകളോട് പ്രതികരിച്ച് ഇരുടീമുകളുടെയും ക്യാപ്റ്റന്മാർ. ലോകകപ്പിന് മുന്നോടിയായിനടന്ന ക്യാപ്റ്റൻസ് മീറ്റിലെ പത്രസമ്മേളനത്തിലാണ് ഇന്ത്യൻ ടീം ക്യാപ്റ്റൻ സൂര്യകുമാർ യാദവും പാകിസ്താൻ ക്യാപ്റ്റൻ സൽമാൻ ആഗയും നിലപാട് വ്യക്തമാക്കിയത്.

പാകിസ്താനെതിരേ കളിക്കാൻ ഇന്ത്യൻ ടീം തയ്യാറാകാതിരുന്നിട്ടില്ല, അവരാണ് കളിക്കാൻ വിസമ്മതിക്കുന്നത്. പാകിസ്താനെതിരായ മത്സരം കളിക്കാൻ കൊളംബോയിലേക്കുള്ള വിമാനടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ടെന്ന് ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവ് പറഞ്ഞു. ബാറ്റിങ് ഫോം വീണ്ടെടുത്തതിലെ സന്തോഷവും സൂര്യകുമാർ പങ്കുവെച്ചു.

പരിശീലകൻ ഗൗതം ഗംഭീർ ടീമിന്റെ കാഴ്ചപ്പാടുകൾ മാറ്റിമറിച്ചെന്നും വ്യക്തപരമായ നേട്ടങ്ങൾക്കപ്പുറം ടീമിനായി കളിക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കിയെടുത്തെന്നും ഇന്ത്യൻ ക്യാപ്റ്റൻ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ബഹിഷ്കരണ തീരുമാനം തങ്ങളുടെ കൈയിൽ നിൽക്കുന്ന കാര്യമല്ലെന്നും ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് സർക്കാരും പാക് ക്രിക്കറ്റ് ബോർഡുമാണെന്നും ആഗ വ്യക്തമാക്കി. വിഷയത്തിൽ അവർ പറയുന്നത് ചെയ്യുമെന്നും പറഞ്ഞ് പാക് ക്യാപ്റ്റൻ കൈമലർത്തി. ടൂർണമെന്റിൽനിന്ന് പിന്മാറിയ ബംഗ്ലാദേശിനുള്ള പിന്തുണയും പ്രഖ്യാപിച്ചു. അവർ തങ്ങളുടെ സഹോദരന്മാരാണെന്നും പിന്മാറിയതിൽ സഹതാപമുണ്ടെന്നും ആഗ കൂട്ടിച്ചേർത്തു. ക്യാപ്റ്റനെന്ന നിലയിൽ തന്റെ ആദ്യ ലോകകപ്പാണിതെന്നും ടീം നന്നായി കളിക്കുമെന്നാണ് പ്രതീക്ഷയെന്നും ആഗ പറഞ്ഞു.

കൊളംബോയിലാണ് പാകിസ്താൻ ക്യാപ്റ്റന്റെ പത്രസമ്മേളനം നടന്നത്. ശ്രീലങ്ക, ഓസ്ട്രേലിയ, അയർലൻഡ്, നെതർലൻഡ്സ്, ഒമാൻ, യു.എ.ഇ, സിംബാബ്വേ ക്യാപ്റ്റന്മാർ സബന്ധിച്ചു. മുംബൈയിൽനടന്ന പത്രസമ്മേളനത്തിൽ സൂര്യകുമാറിന് പുറമേ അഫ്ഗാനിസ്താൻ, കാനഡ, ഇംഗ്ലണ്ട്, ഇറ്റലി, നമീബിയ, നേപ്പാൾ, ന്യൂസീലൻഡ്, സ്കോട്ട്ലൻഡ്, ദക്ഷിണാഫ്രിക്ക, യു.എസ്., വിൻഡീസ് ടീമുകളുടെ ക്യാപ്റ്റന്മാരും പങ്കെടുത്തു.

## സിസിടിവി ഇല്ലായിരുന്നെങ്കിൽ ഞാൻ തെറ്റുകാരനായേനെ, പരിക്കേറ്റ യുവാക്കളെ കാണും: മണിയൻപിള്ള രാജു

തിരു:തന്റെ കാർ അപകടത്തിൽപ്പെട്ടതുമായി ബന്ധപ്പെട്ട് പ്രതികരണവുമായി നടൻ മണിയൻപിള്ള രാജു. സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നതിനാൽ താൻ തെറ്റുകാരനല്ലെന്ന് തെളിഞ്ഞുവെന്ന് മണിയൻപിള്ള രാജു പറഞ്ഞു. അപകടത്തിൽ പരിക്കേറ്റവരെ സന്ദർശിക്കുമെന്നും നടൻ വ്യക്തമാക്കി.

'സിസിടിവി ദൃശ്യങ്ങൾ ഞാൻ കണ്ടു. ഞാൻ ഈ അപകടത്തിൽ തെറ്റുകാരനല്ല. സ്വന്തമായി ഡ്രൈവർ ഇല്ല. ദീർഘദൂര ഓട്ടത്തിന് മാത്രമേ ഡ്രൈവറെ ഉപയോഗിക്കാറുള്ളൂ. ഞാൻ പതിയെ ആണ് വണ്ടി ഓടിക്കാറുള്ളത്. പൊന്നുപോലെയാണ് വണ്ടി സൂക്ഷി



ക്കുന്നത്. ഒരു അവാർഡ് ചടങ്ങിന് പോയിട്ട് തിരികെ വരികയായിരുന്നു. വണ്ടി വരുന്നുണ്ടോ എന്ന് നോക്കിയാണ് റോഡിലേക്ക് വാഹനം ഇറക്കിയത്.

ക്ലബ്ബിൽ നിന്ന് ഇറങ്ങിയപ്പോൾ റോഡ് ശൂന്യമായിരുന്നു. പെട്ടെന്ന് എവിടെനിന്നാണ് വണ്ടി വന്നതെന്ന് അറിയില്ല. ദൈവാനുഗ്രഹം കൊണ്ട് സിസിടിവി കിട്ടി. അല്ലെങ്കിൽ ഞാൻ തെറ്റുകാരനായേനെ.

വണ്ടി തട്ടിയപ്പോൾ ഞാൻ ആകെ പേടിച്ചുപോയി. ഇറങ്ങാൻ പറ്റിയില്ല. ഉടനെ ഞാൻ ക്ലബ്ബിൽ വിളിച്ച് പറഞ്ഞു. പിന്നീട് പോലീസ് സ്റ്റേഷനിൽ വിളിച്ച് പറഞ്ഞു. വീട്ടിൽ ആരുമില്ല രാവിലെ എത്താമെന്ന് ഞാൻ അവരെ അറിയിച്ചു. അപകടത്തിൽപ്പെട്ട കുട്ടികൾ വേഗം രക്ഷപ്പെടട്ടെ. അവരെ പോയി കാണണം. ബൈക്കിനും കാറിനും നല്ല ചെലവ് വരും. അവരുമായി ബന്ധപ്പെടാൻ സാധിച്ചിട്ടില്ല' മണിയൻ പിള്ള രാജു പറഞ്ഞു.

## സ്പാ ജീവനക്കാരിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കി

പത്തംനതിട്ട: ഗുണ്ടാപ്പിരിവ് നൽകാത്തതിന് സ്പാ ജീവനക്കാരിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കി. പത്തനംതിട്ട തിരുവല്ലയിൽ ഫെ. ഒന്നാം തീയതിയാണ് സംഭവം നടന്നത്. കാപ്പ കേസ് പ്രതിയായ സുബിൻ അലക്സാണ്ടറും സംഘവുമാണ് യുവതിയെ കൂട്ടബലാംത്സത്തിന് ഇരയാക്കിയത്.

# കളമശേരിയിൽ കണ്ടെത്തിയത് സൂരജ് ലാമയുടെമൃതദേഹം

കൊച്ചി: കളമശേരി എച്ച് എംടിക്ക് സമീപം നവംബർ 30ന് കണ്ടെത്തിയ മൃതദേഹം ബെംഗളൂരു സ്വദേശി സൂരജ് ലാമയുടേതെന്ന് സ്ഥിരീകരിച്ചു. ഡിഎൻഎ പരിശോധന ഫലം കളമശേരി പൊലീസ് ഹൈക്കോടതിയിൽ സമർപ്പിച്ചു. മദ്യദുരന്തത്തിന് ഇരയായി ഓർമ നഷ്ടപ്പെട്ട ബെംഗളൂരു സ്വദേശി സൂരജ് ലാമ കുവൈത്തിൽനിന്ന് നാടുകടത്തപ്പെട്ടാണ് ഒക്ടോബർ 5ന് നെടുമ്പാശ്ശേരിയിൽ എത്തിയത്.

ബന്ധുക്കളെ അറിയിക്കാതെയാണ് സൂരജ് ലാമയെ കൊച്ചിയിലേക്കുള്ള വിമാനത്തിൽ കയറ്റിവിട്ടതെന്നായിരുന്നു മകൻ സന്ദൻ ലാമയുടെ ആരോപണം. ഒപ്പം ആരും ഉണ്ടായിരുന്നില്ല. നെടുമ്പാശ്ശേരിയിൽ വന്നിറങ്ങിയ സൂരജ് ലാമ മെട്രോ റെയിൽ കോർപറേഷന്റെ ഫീഡർ ബസിൽ കയറി ആലുവ മെട്രോ സ്റ്റേഷൻ വരെ എത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. അന്ന് എറണാകുളം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തി ചികിൽസയും തേടി. എന്നാൽ പരിശോധനയിൽ കാര്യമായ അസുഖങ്ങളൊന്നും കണ്ടെത്താതിരുന്നതിനെ തുടർന്ന് ഡിസ്ചാർജ് ചെയ്തു.

ദിവസങ്ങൾക്ക് ശേഷമാണ് സൂരജിനെ കൊച്ചിയിലേക്കാണ് കുവൈത്തിൽ നിന്നും കയറ്റിവിട്ടതെന്ന് കുടുംബം അറിയുന്നത്. തുടർന്ന് അന്വേഷിച്ചെത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. മകൻ സ്വ



ന്തം നിലയിൽ നടത്തിയ തിരച്ചിൽ വിഫലമായതോടെയാണ് പൊലീസിൽ പരാതിപ്പെട്ടത്. ഒടുവിൽ നവംബർ 30ന് എച്ച്എംടിയിലെ കാടുമൂടിയ ഭാഗത്ത് നിന്നും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ മൃതദേഹം കണ്ടെത്തി. ഇത് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയതോടെയാണ് സൂരജിന്റേത് തന്നെയെന്ന് സ്ഥിരീകരിച്ചത്.

സൂരജ് ലാമ വിഷയം കൈകാര്യം ചെയ്തതിൽ നെടുമ്പാശ്ശേരി വിമാനത്താവളം അധികൃതരുൾപ്പടെയുള്ളവരെയും കേന്ദ്രസംസ്ഥാന സർക്കാരുകളെയും ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിരുന്നു. മറ്റൊരു രാജ്യത്ത് നിന്ന് നാടുകടത്തപ്പെട്ടയാൾ ഇവിടെ വന്നിറങ്ങുമ്പോൾ പാലിക്കേണ്ട ഒരു ചട്ടവും പാലിച്ചില്ലെന്നും ആശുപത്രിയിൽ നിന്ന് ഇയാളെ കാണാതായതെങ്ങനെയാണെന്നും കോടതി ചോദ്യം ഉയർത്തിയിരുന്നു. കളമശേരിയിൽ കണ്ടെത്തിയ മൃതദേഹം സൂരജിൻറേത് ആവാതിരിക്കട്ടെ എന്നും ഹൈക്കോടതി പ്രതികരിച്ചിരുന്നു.


10–ാം ചരമവാർഷികം



ടി കെ രാമകൃഷ്ണൻ
DTO (Rtd.)
തച്ചുപറമ്പിൽ, എറവക്കാട്

2–ാം ചരമവാർഷികം



കെ എൻ മാലതി
W/o. T.K. Ramakrishnan)
തച്ചുപറമ്പിൽ, എറവക്കാട്

സ്നേഹസ്മരണകളോട

മക്കൾ
1. പ്രിൻസ് രാമകൃഷ്ണൻ, Court Staff (Rtd.)
2. അഡ്വ. പ്രകാശ് തച്ചുപറമ്പിൽ
3. പ്രസൂൺ ടി ആർ (മാനേജർ കേരള ബാങ്ക് )
4. പ്രിയ രാധാകൃഷ്ണൻ, പാടൂക്കാട്
5. വിദ്യ ഗോപിനാഥൻ, പോട്ടോർ





ചാലിശ്ശേരി ജോസഫ് ഭാര്യ
ത്രേസ്യാമ്മ (92)
പാലക്കൽ, തൃശൂർ

ഈ. മ. യൗ.

ഞങ്ങളുടെ വാത്സല്യ മാതാവ് പരേതനായ ചാലിശ്ശേരി ജോസഫ് ഭാര്യ ത്രേസ്യാമ്മ (92) ആത്മാവിനുവേണ്ടുന്ന കൂദാശകളെല്ലാം സ്വീകരിച്ച് 06.02.2026 വെള്ളിയാഴ്ച **പുലർച്ച** 1.40ന് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

സംസ്കാരശുശ്രൂഷ 06.02.2026 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 5.00 മണിക്ക് പാലയ്ക്കൽ സെന്റ് മാത്യൂസ് പള്ളിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളെല്ലാവരും സംസ്കാരകർമ്മങ്ങളിൽ പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

സെന്റ് ജോർജ്ജ് യൂണിറ്റ്
പാലയ്ക്കൽ
ഫോൺ: 9447918822

എന്ന്,

| മക്കൾ : | മരുമക്കൾ : |
|---|---|
| സൈമൺ (LATE) | |
| ജോൺ | ത്രേസ്യാമ്മ |
| ആന്റണി | സിജി |
| ഡേവീസ് | ഉഷ |
| സിജോ | ഷൈനി |
| രാജേഷ് | സുമി |

പേരക്കുട്ടികൾ

ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കണക്കാക്കാൻ അപേക്ഷ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# നരവംശ ശാസ്ത്രജ്ഞൻ ഡോ. എ അയ്യപ്പന്റെ 121 -ാം ജന്മദിനാചരണം ശ്രദ്ധേയമായി



പാവറട്ടി: നരവംശ ശാസ്ത്രജ്ഞനും കേരള സർവകലാശാല മുൻ വൈസ് ചാൻസലറും പാവറട്ടി മരുതയൂർ ജി യു പി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ആയിരുന്ന ഡോ. എ. അയ്യപ്പന്റെ നൂറ്റിഇരുപത്തി ഒന്നാം ജന്മദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിന്റെയും മാക്സ് ഡ്രീം ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ അനുസ്മരണം സംഘടിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടനം പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആന്റോലിജോ നിർവ്വഹിച്ചു. മാക്സ് ഡ്രീം ഫൗണ്ടേഷൻ ചെയർമാൻ അഡ്വ. സുജിത് അയിനിപ്പുള്ളി അധ്യക്ഷത വഹിച്ചു. ഡോ.എ. അയ്യപ്പന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച റാഫി നീലങ്കാവിലിനേയും പ്രശാന്ത് മാധവനേയും ആദരിച്ചു. സ്കൂൾ പ്രധാനാധ്യാപിക മീന ജഗദീഷ്, വാർഡ് മെമ്പർ സരിത രാജീവ്, സബീഷ് മരുതയൂർ, സുരേഷ് അമ്പാടി, ടി. ആർ. അജിത്ത് കുമാർ, അധ്യാപികമാരായ പി.എസ്.മീന, സി. ജെ.ഷൈനി, ആർ.കെ. സൗദ എന്നിവർ പ്രസംഗിച്ചു.

തൃശൂർ ജില്ലയിലെ മരുതയൂരിലാണ് ഡോക്ടർ അയ്യപ്പൻ ജനിച്ചത്. മരുതയൂർ ജി.യു. പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പഠനം തുടർന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ള കുടുംബാംഗം ആയിരുന്നെങ്കിലും ജ്യേഷ്ഠ സഹോദരൻ അയിനിപ്പുള്ളി ധർമ്മദേവൻ മാസ്റ്ററുടെ പിന്തുണയിൽ മദ്രാസ് സർവ്വകലാശാലയിൽ നിന്ന് എം.എ. യും ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ നിന്ന് പി എച്ച് ഡിയും കരസ്ഥമാക്കിയ അദ്ദേഹം മദ്രാസ് സർവ്വകലാശാലയിലെ നരവംശശാസ്ത്ര വിഭാഗം തലവനായി സ്ഥാനമേറ്റു. ചെന്നൈ മ്യൂസിയം ആൻഡ് ആർട്ട് ഗാലറിയുടെ ഡയറക്ടർ, കോർണൽ യൂണിവേഴ്സിറ്റിയിലെ വിസിറ്റിംഗ് പ്രൊഫസർ, ഉത്കൽ സർവ്വകലാശാലയിലെ നരവംശശാസ്ത്ര വിഭാഗംമേധാവി, ട്രൈബൽ റിസർച്ച് ബ്യൂറോ ഓഫ് ഒറീസയുടെ ഡയറക്ടർ, കേരള സർവ്വകലാശാല വൈസ് ചാൻസലർ എന്നീ പദവികളും അദ്ദേഹം വഹിക്കുകയുണ്ടായി.



പി എം ഷാഹുൽ ഹമീദ് മാസ്റ്റർ അനുസ്മരണ സമ്മേളനം അഡ്വ തോമസ് ഉണ്ണിയാടൻ തൊമ്മാനയിലെ ഗവ യുപി സ്കൂളിൽ ഉദ്ഘാടനം ചെയ്യുന്നു

## പി എം ഷാഹുൽ ഹമീദ് മാസ്റ്റർ അവഗണിക്കപ്പെട്ട മഹാപ്രതിഭ: അഡ്വ തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: അസാധാരണ പ്രതിഭയായിരുന്ന പി എം ഷാഹുൽഹമീദ് മാസ്റ്ററെ സമൂഹത്തിന് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്ന് അഡ്വ തോമസ് ഉണ്ണിയാടൻ അഭിപ്രായപ്പെട്ടു.

കേരള സിറ്റിസൺ ഫോറത്തിന്റെ സ്ഥാപകനും പൊതുപ്രവർത്തകരുടെ ഉദാത്ത മാതൃകയും മാധ്യമ പ്രവർത്തകനുമായിരുന്ന പി എം ഷാഹുൽ ഹമീദ് മാസ്റ്ററുടെ അഞ്ചാം ചരമ വാർഷിക ആചരണം തൊമ്മാന ഗവ യുപി സ്കൂളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോൾ കോക്കാട്ട്, ജോസ് ജെ ചിറ്റിലപ്പിള്ളി, റോസിലി ഫ്രാൻസിസ്, മിനി മോഹൻദാസ്, കെ കെ ബാബു, ജോൺ കോക്കാട്ട്, കെ പി കുര്യൻ, ഉണ്ണികൃഷ്ണൻ കിഴുത്താണി, ബിജു കെ ഫ്രാൻസിസ്, സോമൻ ശാരദാലയം, ഡോ. മാർട്ടിൻ പി പോൾ, മധു കെ എ, ഷാജു പൊറ്റക്കൽ, ഷോബി കെ പോൾ, കെ ബി വിദ്യാധരൻ, രാജാ അൻവർ ഷാ, എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി.

## ഒല്ലൂർ ഫിലിം ക്ലബ്ബ് രൂപീകരിച്ചു

ഒല്ലൂർ: കോർപ്പറേഷൻ ഒല്ലൂർ സോണലിലെ 8 ഡിവിഷനുകൾ സഹകരിച്ച് രൂപീകരിച്ച ഒല്ലൂർ ഫിലിം ക്ലബ്ബിൻറെ ആദ്യയോഗം വ്യാപാരഭവൻ ഹാളിൽ കൗൺസിലർ പോളി ജോസിൻറെ അദ്ധ്യക്ഷതയിൽകൂടി. എ. രാധാകൃഷ്ണൻ, ചെറിയാൻ ജോസഫ് എന്നിവർ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് കൗൺസിലർ രശ്മി ഉണ്ണികൃഷ്ണൻ, സുനീഷ് ജോൺസൻ, സുരേഷ് എടക്കുന്നി, ശശി പോട്ടയിൽ, സി.എ. ജോസഫ്, പ്രൊഫ. വി.എ. വർഗ്ഗീസ്, ടി.വി. സണ്ണി, ഡോ. എ.സി. ജോസ്, ബേബി മൂക്കൻ എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് നടന്ന ചർച്ചയിൽ എം.സി. തൈക്കാട്, എ.എ. ജോസ്, അഡ്വ. അജിത് ബാബു, കെ. ആർ. ഔസേഫ്, ഓമന ഡേവീസ് തുടങ്ങിയവർ പങ്കെടുത്തു. കമ്മി രൂപീകരണവും നടന്നു.

## ഇളംന്തിരുത്തി സ്കൂൾ ശതാബ്ദി

തൃശൂർ: പള്ളിക്കൊരു പളളി കൂടം - എന്ന ആശയത്തിൽ രൂപപ്പെട്ട ഇളം തുരുത്തി സ്കൂൾ എന്നകുട്ടനെല്ലൂർ എൽ. എം. എൽ.പി.സ്കൂളിന്റെ ശതാബ്ദി ആഘോഷം സമാപനം 7, 8 തീയതികളിൽ നടക്കും. 5ന് വൈകിട്ട് ഇരുചക്ര വാഹന വിളംബര റാലി. 7ന് വൈകീട്ട് വാർഷികവും രക്ഷാകർതൃ ദിനം ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ ഉൽഘാടനം ചെയ്യും. 8ന് കാലത്ത് പൂർവ വിദ്യാർത്ഥി സംഗമം പി.ബാല ചന്ദ്രൻഎം.എൽ.എ. ഉൽഘാടനം ചെയും. 4 മണിക്ക് സാംസ്ക്കാരിക ഘോഷയാത്ര.തുടർന്ന് സമാപന സമ്മേളനം മന്ത്രി കെ. രാജൻ ഉൽഘാടനം ചെയ്യും. മേയർ നിജി ജസ്റ്റിൻ അദ്ധ്യക്ഷത വഹിക്കും.

പരിപാടികൾ വിശദീകരിച്ച വാർത്താ സമ്മേളനത്തിൽ സറീന പോൾ, ഫാ.ഫ്രാൻസൺ കുരിശിങ്കൽ, ശ്യാമള വേണുഗോപാൽ, ജോയ്സൺ തേർമഠം / തോമാസ് കാളിയേങ്കിൽ പങ്കെടുത്തു.

## ജന്തു ക്ഷേമ പുരസ്കാര വിതരണവും സെമിനാറും നടത്തി

തൃശൂർ: സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് സംഘടിപ്പിച്ച ജന്തു ക്ഷേമ ദൈവാരാചരണത്തോടനുബന്ധിച്ച് ജില്ലയിൽ ജന്തുക്ഷേമ പുരസ്കാര വിതരണവും സെമിനാറും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം നിർവഹിച്ചു.

കളക്ടറേറ്റ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസർ ഡോ. വി. എം. ഹാരിസ് അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കെ സുധീഷ് പുരസ്കാര വിതരണം നടത്തി.

ഈ വർഷത്തെ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരത്തിന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അർഹരായി. കോളേജ് പ്രിൻസിപ്പൽ ഫാദർ ഡോ. ജോളി ആൻഡ്രൂസ് പതിനായിരം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് ഏറ്റുവാങ്ങി. ജില്ലയിലെ മികച്ച മൃഗ ക്ഷേമ പ്രവർത്തകർക്കുള്ള ആദരവ് സാലി വർമ്മ, സിന്റോ ആന്റണി എന്നിവരും ഏറ്റുവാങ്ങി.

ഡോ. പ്രസാദ് എ, ഡോ. പ്രശാന്ത് സി ആർ എന്നിവർ മൃഗ ക്ഷേമ പ്രവർത്തനങ്ങൾ- പ്രായോഗിക സമീപനം - നിയമങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസുകൾ നയിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഡീന ആന്റണി, അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർമാരായ ഡോ. സുബിൻ കോലാടി, ഡോ. മഞ്ജു പി എം, ഡോ. കെ.വി ഷിബു, പി. ആർ. ഒ ഡോ. സുമി ചന്ദ്രൻ പി എന്നിവർ സംസാരിച്ചു.


## നിര്യാതരായി

### ത്രേസ്യാമ്മ



ചേർപ്പ്: പാലക്കൽ ചാലിശ്ശേരി ജോസഫ് ഭാര്യ ത്രേസ്യാമ്മ (92) നിര്യാതയായി. സംസ്കാരം ഇന്ന് വൈകീട്ട് 5 മണിക്ക് പാലക്കൽ സെന്റ് മാത്യൂസ് പള്ളി സെമിത്തേരിയിൽ നടത്തപ്പെടും. മക്കൾ: പരേതനായ സൈമൺ, ജോൺ, ആന്റണി, ഡേവീസ്, ഷിജോ, രാജേഷ്.. മരുമക്കൾ: ത്രേസ്യാമ്മ, സിജി, ഉഷ, ഷൈനി, സുമി.

### രാജൻ ഇയ്യാനി



മുറ്റിച്ചൂർ: രാജൻ ഇയ്യാനി നിര്യാതനായി. കുറ്റിമാവിലുള്ള വീട്ടിൽ ഇന്ന് രാവിലെ 8.30നാണ് അന്തരിച്ചത്.

## യുവാക്കളെ വാഹനം കൊണ്ട് ഇടിച്ചുതെറിപ്പിച്ച സംഭവം: മണിയൻപിള്ള രാജുവിനെതിരെ പോലീസ് കേസെടുത്തു

തൃശ്ശൂർ: തിരുവനന്തപുരത്ത് വാഹനം കൊണ്ട് യുവാക്കളെ ഇടിച്ച് തെറിപ്പിച്ച നടൻ മണിയൻപിള്ള രാജുവിനെതിരെ പോലീസ് കേസെടുത്തു. അപകടകരമായി വാഹനം ഓടിച്ചതിനും അലക്ഷ്യമായി, മനുഷ്യജീവന് ആപത്തുണ്ടാകുന്ന വിധത്തിൽ വാഹനമോടിച്ചതിനുമാണ് പൊലീസ് കേസെടുത്തത്. മോട്ടോർ വാഹന നിയമത്തിലെ വകുപ്പുകളും ചേർത്തിട്ടുണ്ട്. എഫ്ഐആറും രജിസ്റ്റർ ചെയ്തു. അപകടത്തിന് ശേഷം കാർ നിർത്താതെ പോയിരുന്നു. ട്രിവാൻഡ്രം ക്ലബ്ബിന് മുന്നിൽ ഇന്നലെ രാത്രിയായിരുന്നു അപകടമുണ്ടായത്. അപകടത്തിൽ രണ്ട് യുവാക്കൾക്ക് സാരമായി പരിക്കേറ്റിരുന്നു. ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്.

## ബൈക്കുകൾ കൂട്ടിയിടിച്ച് 3 പേർക്ക് പരിക്ക്

തൃശ്ശൂർ: ദേശീയപാത കയ്പമംഗലം വഴിയമ്പലത്ത് ബൈക്കുകൾ കൂട്ടിയിടിച്ച് മൂന്ന് യുവാക്കൾക്ക് പരിക്ക്. കയ്പമംഗലം കൂരികുഴി സ്വദേശികളായ തിണ്ടിക്കൽ ഹക്കീം, വേളയിൽ സിറാജ്, മൂന്നുപീടിക സ്വദേശി കണ്ണംകുളത്ത് ഹബീബ് എന്നിവർക്കാണ് പരിക്കേറ്റത്.

## നല്ലെങ്കര കാൽഡിയൻ സിറിയൻ ചർച്ച് സ്കൂൾ ശതാബ്ദി ആഘോഷങ്ങൾ സമാപിച്ചു



തൃശൂർ: നല്ലെങ്കര കാൽഡിയൻ സിറിയൻ ചർച്ച് സ്കൂളിലെ ഒരു വർഷം നീണ്ടു നിന്ന ശതാബ്ദി ആഘോഷങ്ങൾ സമാപന സമ്മേളനത്തോടെ സമാപിച്ചു. സമാപന സമ്മേളനം തൃശൂർ നഗരസഭ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ഡയാലിസിസ് ചികിത്സയ്ക്കായി 10,000 രൂപ നെല്ലങ്കര മാർ തിമോത്തിയോസ് ചാരിറ്റബിൾ ഹോസ്പിറ്റലിന് ചടങ്ങിൽ കൈമാറി.

കാൽഡിയൻ സിറിയൻ സഭയുടെ മെട്രോപൊളിറ്റൻ ഒ.ഏ. മാർ ഔഗിൻ കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് റീന വി.ജി. സ്വാഗതം ആശംസിച്ചു. സീനിയർ സ്റ്റാഫ് അസിസ്റ്റന്റ് പ്രിൻസി ജോൺ കെ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

കോർപ്പറേറ്റ് മാനേജർ സിസ്റ്റർ ഡോ. ഒ. യു. ജിൻസി ശതാബ്ദി സുവനിർ പ്രകാശനം ചെയ്തു. ഡിവിഷൻ കൗൺസിലർ ജീസ് ജോർജ് ബലൂണുകൾ പറത്തി സന്തോഷം പങ്കിട്ടു. അബ്ബി ജെ. പൊന്മനിശ്ശേരി, ഗിഫ്റ്റ്സൺ കെ. ജോസഫ്, പ്രിൻസി ഐസക് ടീച്ചർ, തിമോത്തി വടക്കൻ, സ്കൂൾ ലീഡർ കുമാരി ജുവെൽമേരി എ.ജെ., പി.ടി.എ. പ്രസിഡന്റ് ജിബി ഫ്രാൻസിസ് എന്നിവർ ആശംസകൾ നേർന്നു. വിവിധ സാംസ്കാരിക പരിപാടികളും അരങ്ങേറി

## പോസ്റ്റ് ഓഫീസ് ആർ ഡി: സുരക്ഷിതത്വം ഉറപ്പാക്കണം

തൃശൂർ: പോസ്റ്റ് ഓഫീസ് ആർ ഡി നിക്ഷേപകർ സുരക്ഷിതത്വം ഉറപ്പാക്കി ലഘു സമ്പാദ്യ പദ്ധതികളിൽ ഇടപാടുകൾ നടത്തണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

അംഗീകൃത ഏജന്റുമാർ മുഖേനയോ നേരിട്ടോ പോസ്റ്റ് ഓഫീസ് നിക്ഷേപം നടത്താം. ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ ഇൻവെസ്റ്റേഴ്സ് കാർഡിൽ രേഖപ്പെടുത്തി കയ്യൊപ്പ് വാങ്ങണം. നിക്ഷേപകർക്ക് ഇടപാടുമായി ബന്ധപ്പെട്ട ആധികാരിക രേഖ പോസ്റ്റ് മാസ്റ്റർ ഒപ്പിട്ട സീൽ വച്ച് നൽകുന്ന പാസ് ബുക്ക് മാത്രമാണ്. എല്ലാ മാസവും തുക അടയ്ക്കുന്നതിന് മുൻപ് പാസ്ബുക്കിൽ യഥാസമയ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് നിക്ഷേപകർ പരിശോധിക്കണമെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

# കേരളോത്സവം ജില്ലാതലം: 14 വേദികൾ – 1500 പ്രതിഭകൾ

തൃശൂർ: ഗ്രാമീണ കലാകായിക പ്രതിഭകളുടെ സർഗ്ഗ വിസ്മയമായ കേരളോത്സവത്തിന്റെതൃശൂർ ജില്ലാ തല മത്സരങ്ങൾ 6 മുതൽ9വരെ നടക്കും. ജില്ലയിലെ 14 കേന്ദ്രങ്ങളിലായിരിക്കും വേദികൾ. 1500 പ്രതിഭകൾ മത്സരിക്കും. ബ്ലോക്ക്തല ടീമുകളായാണ് പങ്കെടുക്കുക. മുൻസിപ്പാലിറ്റി, കോർപ്പറേഷൻതല പ്രതിഭകൾ കൂടി മത്സരിക്കുന്നതായിരിക്കും കേരളോത്സവം. ജില്ലാ പഞ്ചായത്തും, സംസ്ഥാന യുവജനക്ഷേമ ബോർഡും സംയുക്തമായാണ് സംഘാടനം.

കേരളോത്സവം നടത്തിപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, വൈസ് പ്രസിഡന്റ് ടി.കെ. സുധീഷ് എന്നിവർ വാർത്താ സമ്മേളനത്തിലറിയിച്ചു.

കഴിഞ്ഞ തവണ സംസ്ഥാന മത്സരത്തിൽ ഒന്നാം സ്ഥാനത്തിനുള്ളഎവർ റോളിങ്ങ് ട്രോഫി നേടിയത് തൃശൂർ ജില്ലയായിരുന്നു. ഇത്തവണയും ഒന്നാം സ്ഥാനം നിലനിർത്താൻ തൃശൂർ ജില്ല പരിശ്രമിക്കുന്നതായും സംഘാടക സമിതി അവകാശപ്പെടുന്നു.

കേരളോത്സവത്തിന്റെ ജില്ലാതല ഉൽഘാടന വേദി കുന്നംകുളം ഗവ: മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ സീനിയർ സിന്തറ്റിക് ട്രാക്ക് ഗ്രൗണ്ടിലായിരിക്കും. ഉൽഘാടന ചടങ്ങിനുശേഷം അത് ലറ്റിക്സ്ഇനം മത്സരങ്ങൾ തുടങ്ങും. കാലത്ത് 9.30ന് മന്ത്രി ആർ.ബിന്ദു ഉൽഘാടനം നിർവഹിക്കും. എ.സി. മൊയ്തീൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. കെ.രാധാകൃഷ്ണൻ എം.പി. തുടങ്ങി ജനപ്രതിനിധികൾ പ്രസംഗിക്കും

രാമവർമ്മ പുരം ജിയുപി.എ സ്, ജില്ലാ പഞ്ചായത്ത് ഹാൾ, വിജ്ഞാൻ സാഗർ രാമവർമ്മപുരം, ടൗൺ ഹാൾ, ആരോഗ്യ സർവകലാശാല ഗ്രൗണ്ട്, കുന്നംകുളം ബോയ്സ്ഹൈസ്കൂൾ ഇ ന്റോർ സ്റ്റേഡിയം, തൃശൂർ കോർപ്പറേഷൻ - വി.കെ.എൻ./കൈപ്പറ മ്പ്, തൃപ്രയാർ ടി.എസ്. ജി. എ., ജില്ലാ പഞ്ചായത്ത്, ഇൻഡോർ സ്റ്റേഡിയങ്ങൾ,പറവട്ടാനി കോർപ്പറേഷൻ ഗ്രൗണ്ട്, ജി.യു.പി.എസ്. മൂർക്ക നിക്കര , അക്വാട്ടിക് കോംപ്ലക്സ്തൃശൂർ - എന്നിവിടങ്ങളാണ് മറ്റ് വേദികൾ .

9-ാം തീയതി 3 മണിക്കാണ് തൃശൂർ ടൗൺ ഹാളിൽ സമാപന സമ്മേളനം. മന്ത്രി കെ. രാജൻ ഉൽഘാടനം ചെയ്യും. പി.ബാലചന്ദ്രൻ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. മേയർ നിജി ജസ്റ്റിൻ തുടങ്ങിജന പ്രതിനിധികൾ പ്രസംഗിക്കും.

തൃശൂർ ടൗൺഹാൾ, വിജ്ഞാൻ സാഗർ, തുടങ്ങിയ നഗര വേദി കളിലായിരിക്കും പ്രധാന കലാ മത്സ രങ്ങൾ

വാർത്താ സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ പി.ഐ. സാജിത, പി.എസ്. വിനയൻ,ഷീല ജോർജ്, കെ. ആർ. മായ, സെക്രട്ടറി ടോബി തോമസ്, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ സബിത പങ്കെടുത്തു.

**സാഹിത്യ- സാംസ്ക്കാരിക നായ കർ ഔട്ട്**

തൃശൂർ: കേരളോത്സത്തിന്റെ ഉൽഘാടനം - സമാപനം വേദികളിൽ മന്ത്രിമാരും ജന പ്രതിനിധികളും ഉദ്യോഗസ്ഥരും മാത്രം. സാംസ്ക്കാരിക തലസ്ഥാന ജില്ലയിലെ കേരളോത്സവ വേദി കളിൽ ഒരൊറ്റ സാഹിത്യ സാംസ്കാരിക നായകർക്കും സ്ഥാനമില്ല. ജില്ലാ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളുടെ പേരുകളും നിറച്ച് അച്ചടിച്ചിട്ടുമുണ്ട്. എന്നാൽ വേദികൾക്ക് സാഹിത്യ സാംസ്ക്കാരിക നായകരുടെ പേരുകൾ മാന്യമായി നൽകാനും സംഘാടകർ തയ്യാറായി. ആർട്ടിസ്റ്റ് നമ്പൂതിരി, സുഗതകുമാരി, മാധവി ഗാഡ്ഗിൾ, ശ്രീനിവാസൻ, സക്കീർ ഹുസൈൻ /കലാഭവൻ നവാസ്, പി.ജയചന്ദ്രൻ, എന്നിവരുടെ പേരുകളാണിട്ടിരിക്കുന്നത്..



കേരള വഖഫ്ബോർഡ് മെമ്പറായി നോമിനേറ്റ് ചെയ്യപ്പെട്ട തൃശൂർ ബാറിലെ പ്രമുഖ അഭിഭാഷകനായ അഡ്വ. പി യു അലി

## റോട്ടറി കാൻസർദിനം

തൃശൂർ: റോട്ടറി ക്ലബ് ഓഫ് തൃശൂർ മെട്രോയുടെ ആഭിമുഖ്യത്തിൽ ലോക കാൻസർദിനം ആചരിച്ചു. ഇന്ത്യൻ മോഡലിംഗ് ആൻഡ് ഫാഷൻ അസോസിയേഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ കാൻസർ ചികിൽസാ വിദഗ്ധൻ ഡോ. സി.ഡി. വർഗീസ് മുഖ്യപ്രഭാഷണം നടത്തി. റോട്ടറി ക്ലബ് പ്രസിഡന്റ് ജോസ് പുതുക്കാടൻ, ബിനി ഹെറിറ്റേജ് എംഡി ജനീഷ്, ഐഎംഎഫ്എ പ്രസിഡന്റ് പിന്റോ, സംവിധായകൻ ശ്യാംപ്രസാദ്, ഷിമ്മി, വിഷ്ണു, പ്രിൻസി, മുഹമ്മദ് ബാബു, ക്ലബ് സെക്രട്ടറി എം.ഐ. പോളി എന്നിവർ പ്രസംഗിച്ചു.

## കപ്പിയൂർ ചിറക്കൽ ഭഗവതി ക്ഷേത്രത്തിലെ ഉത്സവം; വെടിക്കെട്ടിന് അനുമതിയില്ല

കപ്പിയൂർ ചിറക്കൽ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് വെടിക്കെട്ട് പൊതുപ്രദർശനത്തിന് അനുമതി നിരസിച്ച് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഉത്തരവിട്ടു. ഫെബ്രുവരി 15 ന് പൊതു പ്രദർശനം നടത്താൻ അനുവദിക്കണമെന്നായിരുന്നു അപേക്ഷ. പോലീസ്, ഫയർ, റവന്യൂ വകുപ്പുകളുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഫോടകവസ്തു ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും പൊതുജന സുരക്ഷ മുൻനിർത്തിയും വെടിക്കെട്ടിനുള്ള അപേക്ഷ നിരസിച്ചതായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു.

## 'സമന്വയ 2026' വിപുലമായി ആഘോഷിച്ചു

ഇരിങ്ങാലക്കുട: ഭാരതീയ വിദ്യാഭവനിൽ അധ്യാപക രക്ഷാകർതൃദിനം 'സമന്വയ 2026' വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രശസ്ത സിനിമ, ടെലിവിഷൻ താരം ജിതിൻ ബാബു ഉദ്ഘാടനം നിർവഹിച്ചു. ചെയർമാൻ ടി അപ്പുക്കുട്ടൻ നായർ അധ്യക്ഷനായിരുന്നു. എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ സി നന്ദകുമാർ, സെക്രട്ടറി വി രാജൻ മേനോൻ, പ്രിൻസിപ്പൽ ബിജു ഗീവർഗീസ്, വൈസ് പ്രിൻസിപ്പൽമാരായസുജാത രാമനാഥൻ, ഗിരിജ മേനോൻ, പിടിഎ പ്രസിഡന്റ് റാണി പ്രദീപ്കുമാർ, പിടിഎ വൈസ് പ്രസിഡന്റ് എം കെ പരമേശ്വരൻ, മറ്റു പിടിഎ ഭാരവാഹികൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

രക്ഷകർത്താക്കൾ, അധ്യാപകർ, അനധ്യാപകർ തുടങ്ങിയവർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അരങ്ങേറി.

## ക്രൈസ്റ്റ് എൻജിനീയറിങ് കോളേജിൽ ടെക് ഫെസ്റ്റിന് തുടക്കം



ഇരിങ്ങാലക്കുട : ക്രൈസ്റ്റ് എൻജിനീയറിങ് കോളേജ് സംഘടിപ്പിക്കുന്ന ദേശീയ ടെക്നിക്കൽ ഫെസ്റ്റിവൽ ടെക്ലറ്റിക്സിനു തുടക്കമായി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺ പാലിയേക്കര സി എം ഐ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫോംസ് ബിൽഡേഴ്സ് ആൻഡ് ഡിസൈനേഴ്സ് മാനേജിങ് പാർട്ണർ എൻ ഐ വർഗീസ് ഉദ്ഘാടനം ചെയ്തു. വെള്ളിയാഴ്ച വരെ നീണ്ടു നിൽക്കുന്ന ഫെസ്റ്റിൽ സാങ്കേതിക മത്സരങ്ങൾ, ഹാക്കത്തോണുകൾ, എക്സിബിഷനുകൾ വർക്ക്ഷോപ്പുകൾ സെമിനാറുകൾ കലാ സാംസ്കാരിക പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. അധ്യാപകരായ ഹിംഗ്സ്റ്റൻ സേവ്യർ, ജാസ്മിൻ ജോളി, വിദ്യാർഥികളായ ആൽഡ്രിൻ ജോ മാർട്ടിൻ, ഓപി ഗൗരീശങ്കർ എന്നിവർ നേതൃത്വം നൽകും.

## കേരള ബാങ്ക് ഓഡിറ്റോറിയം അടച്ചുപൂട്ടി

തൃശൂർ: കോലോത്തും പാടത്തെ കേരള ബാങ്ക് ഓഡിറ്റോറിയം (പഴയജില്ലാ സഹകരണ ബാങ്ക്ഓഡിറ്റോറിയം) പൊതുജനങ്ങൾക്ക് വാടകക്ക് കൊടുക്കാതെ പൂട്ടിയിട്ട നടപടി പുനപരിശോധിക്കണമെന്ന ബഹുജനാവശ്യം ശക്തിപ്പെടുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉത്തരവ് പ്രകാരമാണത്രെ പൂട്ടിയിടൽ. ഫുൾ എ സി. സൗകര്യവും, മികച്ച ഇരിപ്പടം സ്റ്റേജ് / വിശാലമായ ഭക്ഷണശാല ഉൾപ്പെടുന്നതാണ്ഓഡിറ്റോറിയം. വിവാഹങ്ങൾ, സമ്മേളനങ്ങൾ തുടങ്ങിയ വക്ക് വളരെ അനുയോജ്യമായ ഓഡിറ്റോറിയമാണിത്. സഹകരണ സ്ഥാപന ങ്ങളുടെ ഓഡിറ്റോറിയം ഉൾപ്പെടെ വാടകക്ക് നൽകി പണംസ്വരൂപിക്കരുതെന്നും, സ്ഥാപനത്തിന്റെ സ്വന്തം ആവശ്യത്തിനോ, സർക്കാരിന്റെ നിശ്ചിത പരിപാടികൾക്കോ മാത്രം ആവശ്യകത പരിഗണിച്ച് ആഡിറ്റോറിയം അനുവദിക്കാനെ പാടുള്ളൂ എന്നാണ് ആർ.ബി.ഐകർശന നിർദേശം. ഏറ്റവും ഒടുവിൽ സംസ്ഥാന സഹകരണ വാരാഘോഷം സംസ്ഥാനതല ഉൽഘാടനം, സ്കൂൾ കലാമേള മത്സരങ്ങൾ എന്നിവയാണ് നടന്നത്.


### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ്കോടതി മുമ്പാകെ**

**EA. 1104 / 2025, EP. 1835 / 2023**
**O.S. 2640/2012**

മുകുന്ദപുരം താലൂക്ക്, പൂമംഗലം വി ല്ലേജ്, അരിപ്പാലം ദേശത്ത് കെടങ്ങത്ത് ചക്കാലക്കൽ അന്തോണി മകൻ, 52 വയസ്സ്, കൃഷി, നെൽസൺ

-ക്ലെയിം ഹർജിക്കാരൻ

2. മുകുന്ദപുരം താലൂക്ക് പൂമംഗലം വില്ലേജ്, അരിപ്പാലം ദേശത്ത് ചക്കാലക്കൽ അബ്രഹാം മകൻ സാംസൺ
3. മുകുന്ദപുരം താലൂക്ക് പൂമംഗലം വില്ലേജ്, അരിപ്പാലം ദേശത്ത് ചക്കാലക്കൽ സാംസൺ ഭാര്യ സ്മിത

-2, 3 എതൃകക്ഷികൾ

മേൽ നമ്പ്ര് അവകാശ ഹർജിയിൽ 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് ബഹു. കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ കല്പിച്ച് മേൽനമ്പ്ര് കേസ്സ് 17-02-2026 തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ താങ്കളോ, താങ്കളുടെ ഭാഗം അഡ്വക്കേറ്റോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 05-02-2026
ഹർജിഭാഗം അഡ്വക്കേറ്റ്
**മനോജ് ഐബൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

EP: 240/2025
OP(MV): 1705/2018

ന്യൂ ഇന്ത്യ അഷൂറൻസ് കമ്പനി ലിമിറ്റഡ്, തൃശൂർ

- ഹരജിക്കാരൻ

1) സിറാജ്, പണിക്കെട്ടി വീട്, പി ഒ കാട്ടൂർ, തൃശൂർ
2) നിഷിൽരാജ് S/o.യശോധരൻ, കുന്നുംപുറം വീട്, മാന്ദാമംഗലം,തൃശൂർ

- എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **03-03-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്ന്, 2-2-2026
ഹരജിഭാഗം അഡ്വക്കെറ്റ്
**ദൃശ്യ പി നായർ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

EP: 245/2025
OP(MV): 2673/2018

ന്യൂ ഇന്ത്യ അഷൂറൻസ് കമ്പനി ലിമിറ്റഡ്, തൃശൂർ

- ഹരജിക്കാരൻ

1) ഉണ്ണികൃഷ്ണൻ S/o. മുരളീധരൻ, പനക്കൽ വീട്, പി ഒ കുണ്ടലിയൂർ, തൃശൂർ
2) ശിവപ്രസാദ്, S/o.സുരേഷ്ബാബു,പോട്ടയിൽ വീട്, പനംകുളം, ഊരകം വില്ലേജ്, തൃശൂർ

-1, 2 എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **09-02-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു.

എന്ന്, 15-1-2026
ഹരജിഭാഗം അഡ്വക്കെറ്റ്
**ദൃശ്യ പി നായർ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

O.P: 427/2025

ചാവക്കാട് താലൂക്ക് തൈക്കാട് വില്ലേജ് ദേശത്ത് പി ഒ പാലുവായ്, പുലിച്ചാറം വീട്ടിൽ ബഷീർ മകൾ ബിൻസിയ ബഷീർ

-ഹർജിക്കാരി

1) ചാവക്കാട് താലൂക്ക് പൂക്കോട് വില്ലേജ് ദേശത്ത് പി ഒ തൊഴിയൂർ-680520 മൂത്തേടത്ത് മുഹമ്മദുണ്ണി മകൻ റിയാസ്
2) ടി താലൂക്ക് ടി വില്ലേജ് ദേശത്ത് പി ഒ. തൊഴിയൂർ ടി മൊയ്തു മകൻ മുഹമ്മദുണ്ണി

-എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **18/2/2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആയതിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 30/1/2026
ഹർജി ഭാഗം അഡ്വക്കെറ്റ്
**പി. മുഹമ്മദ് ബഷീർ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

**O.P: 186 / 2025**
**IA: 2/2025**

ചാവക്കാട് താലൂക്ക് ഒരുമനയൂർ അംശം ദേശത്ത് പി ഒ ഒരുമനയൂർ- 680512 രായംമരയ്ക്കാർ വീട്ടിൽ ഹൈദരാലി ഭാര്യ നസീമ

-ഹർജിക്കാരി

1) ചാവക്കാട് താലൂക്ക് ഒരുമനയൂർ അംശം പി ഒ ഒരുമനയൂർ-680512 രായംമരയ്ക്കാർ വീട്ടിൽ ഊരിലപറമ്പിൽ മുഹമ്മു മകൻ ഹൈദരാലി
2) ടി താലൂക്ക് ടി അംശം ദേശത്ത് പി ഒ ഒരുമനയൂർ ടി വീട്ടിൽ ടി മുഹമ്മു ഭാര്യ മറിയുമ്മ

-എതൃകക്ഷികൾ

മേൽ നമ്പറിൽ 1-ാംഎതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **26/2/2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആയതിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 30/1/2026
ഹർജി ഭാഗം അഡ്വക്കെറ്റ്
**പി. മുഹമ്മദ് ബഷീർ** (ഒപ്പ്)